"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ തൃക്കരുവാ ഗ്രാമ പഞ്ചായത്തിലെ 4-ാം വാർഡ് ജയന്തി കോളനി ഫുട്ട്പാത്ത് നിർമ്മാണം - എന്ന പദ്ധതി പ്രോജക്ടിനു വിഭിന്നമായി പ്രോജക്ട് നിർവ്വഹണം നടത്തി എന്ന പരാമർശത്തിലൂടെ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ള 2,43,643/- (രണ്ട് ലക്ഷത്തി നാൽപത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി മൂന്ന് രൂപ മാത്രം)രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.601/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.11.2024 ലെ LSGD/PD/36324/2024-AM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ തൃക്കരുവാ ഗ്രാമ പഞ്ചായത്തിലെ 4-ാം വാർഡ് ജയന്തി കോളനി ഫുട്ട്പാത്ത് നിർമ്മാണം - എന്ന പദ്ധതി പ്രോജക്ടിനു വിഭിന്നമായി പ്രോജക്ട് നിർവ്വഹണം നടത്തി എന്ന പരാമർശത്തിലൂടെ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ള 2,43,643/- (രണ്ട് ലക്ഷത്തി നാൽപത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി മൂന്ന് രൂപ മാത്രം)രൂപയുടെ ചെലവിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

2.തൃക്കരുവാ ഗ്രാമ പഞ്ചായത്തിലെ 4-ാം വാർഡ് ജയന്തി കോളനി ഫുട്ട്പാത്ത് നിർമ്മാണം എന്ന പ്രോജക്ടിലൂടെ (പ്രോജക്ട് അടങ്കൽ രൂപ 3,42,000/-)28 മീ. നീളത്തിലും 27 മീ. വീതിയിലും നടപ്പാത നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിർവ്വഹണം നടത്തിയ വേളയിൽ 19 cm വീതിയിൽ 53 മീ. നീളത്തിൽ എസ്.സി. കുടുംബങ്ങൾക്ക് സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് ₹2,43,643/- ചെലവു ചെയ്യുകയുണ്ടായി (ബിൽ നം. 24/12-13 തീയതി 30/03/2013). പ്രോജക്ടിൽ വിഭാവനം ചെയ്തതിനു വിഭിന്നമായി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയതിലൂടെ വകമാറ്റി ചെലവഴിച്ച ₹2,43,643/- ഓഡിറ്റിൽ തടസ്സപ്പെടുത്തുകയുണ്ടായി. സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

3.ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട തൃക്കരുവ ഗ്രാമ പഞ്ചായത്തിലെ വാർഡ് 4-ൽപ്പെട്ട ജയന്തി കോളനിയിൽ 28 മീറ്റർ നീളത്തിലും 27 മീറ്റർ വീതിയിലും നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനും പട്ടികജാതിയിൽപ്പെട്ടവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കോളനി നിവാസികളുടെ ഭൂമി ഇടിഞ്ഞുപോകാതിരിക്കുവാൻ വശങ്ങളിൽ 58 മീറ്റർ നീളത്തിലും ശരാശരി 1.5 മീറ്റർ ഉയരത്തിലും സംരക്ഷണ ഭിത്തി കെട്ടുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും. എന്നാൽ സുലേഖ ഓൺലൈൻ ഡാറ്റാ എൻട്രി ആദ്യമായി നിലവിൽ വന്ന സാഹചര്യത്തിൽ സംഭവിച്ച പാളിച്ചകൾ മൂലം സംരക്ഷണ ഭിത്തി സംബന്ധിച്ച വിവരങ്ങൾ കൂടി പ്രോജക്ടിൽ വിശദമായി രേഖപ്പെടുത്തുന്നതിന് സാധിക്കാതെ പോയി. സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം മാത്രമാണ് പ്രസ്തുത പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നിർവ്വഹണം മൂലം സർക്കാരിനോ ബ്ലോക്ക് പഞ്ചായത്തിനോ യാതൊരു സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ല എന്നും അതിനാൽ പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ള 2,43,643/-(രണ്ട് ലക്ഷത്തി നാൽപത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി മൂന്ന് രൂപ മാത്രം)രൂപയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നാണ് പ്രിൻസിപ്പൽ ഡയറക്ടർ

ആവശ്യപ്പെട്ടിരിക്കുന്നത്.

4.പ്രസ്തുത ഓഡിറ്റ് പരാമർശം കൊല്ലം ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി പരിഗണിച്ചിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടേയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശത്തിന് സാധൂകരണം നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യു തീരുമാനിച്ചിട്ടുള്ളതുമാണ്.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുലേഖ ഓൺലൈൻ ഡാറ്റാ എൻട്രി ആദ്യമായി നിലവിൽ വന്ന സാഹചര്യത്തിൽ സംഭവിച്ച പാളിച്ചകൾ മൂലം സംരക്ഷണ ഭിത്തി സംബന്ധിച്ച വിവരങ്ങൾ കൂടി പ്രോജക്ടിൽ വിശദമായി രേഖപ്പെടുത്തുന്നതിന് സാധിക്കാതെ പോയി എന്ന വിശദീകരണം പരിഗണിച്ചും, സമിതി വിഭാവനം ചെയ്ത രീതിയിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചതിനാലും ഇത് മൂലം ബ്ലോക്ക് പഞ്ചായത്തിനോ സർക്കാരിനോ യാതൊരു സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ല എന്നതിനാലും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ തൃക്കരുവാ ഗ്രാമ പഞ്ചായത്തിലെ 4-ാം വാർഡ് ജയന്തി കോളനി ഫുട്ട്പാത്ത് നിർമ്മാണം - എന്ന പദ്ധതി പ്രോജക്ടിനു വിഭിന്നമായി പ്രോജക്ട് നിർവ്വഹണം നടത്തി എന്ന പരാമർശത്തിലൂടെ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ള ₹2,43,643/- (രണ്ട് ലക്ഷത്തി നാൽപത്തി മൂവായിരത്തി അറുന്നൂറ്റി നാൽപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 05-03-2025 15:47:26
സെക്ഷൻ ഓഫീസർ